# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 144
## 08.02.2016 ലെ മറുപടിയ്ക്ക്

<u>സാമാജികരുടെ മണ്ഡലം ആസ്തി വികസന പദ്ധതി</u>

| ചോദ്യം.<br>ശ്രീ. ചിറയം ഗോപകുമാർ എം.എൽ.എ | | ഉത്തരം.<br>ശ്രീ. ഉമ്മൻ ചാണ്ടി(ബഹു. മുഖ്യമന്ത്രി) |
|---|---|---|
| (എ) | സമയബന്ധിതമായി ഭരണാനുമതി ലഭ്യമാക്കേണ്ട സാമാജികരുടെ മണ്ഡല ആസ്തി വികസന പദ്ധതി നിർദ്ദേശങ്ങളുടെ ഫയൽ തീർപ്പുകൾ ത്വരിതപ്പെടുത്തു-ന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ള തെന്ന് അറിയ്ക്കുമോ; | ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾക്ക് സമയക്രമം നിശ്ചയിച്ച് 28.12.2012 -ലെ സർക്കുലർ നം. 73/2012/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. അതിനു പുറമെ ടി പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിനായി വിവിധ തലങ്ങളിൽ ഫയൽ തീർപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ധനാനുമതി നൽകിയ ശുപാർശകളിൽ സമയ ബന്ധിതമായി ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഭരണവകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. |
| (ബി) | വിവിധ തട്ടുകളിലൂടെ നടപ്പിലാക്കേണ്ട-ന്നതിനാൽ അനുബന്ധ ഫയൽ തീർപ്പുകൾക്ക് കാലവിളംബം നേരിടുന്നത് പരിഹരിക്കുന്നതിനായി ഫയൽ നടപടി സംബന്ധിച്ചുള്ള ഒരു കലണ്ടർ തയ്യാറാക്കി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാമോ; | സമയക്രമം നിശ്ചയിച്ചു കൊണ്ട് 22.07.2015 -ൽ 67/2015/ധന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | അനുബന്ധ കലണ്ടർ സമയക്രമം പാലിച്ച് യഥാസമയം ഫയൽ തീർപ്പ് നടപ്പിലാക്കുന്നുണ്ടോയെന്ന് ബോദ്ധ്യ-പ്പെടുന്നതിന് ഒരു പ്രത്യേക വിഭാഗത്തെ ചുമതലപ്പെടുത്തുമോ; | പരിഗണനയിലില്ല. |
| (ഡി) | സംസ്ഥാനത്തിന്റെ അടിസ്ഥാന വികസനം സാദ്ധ്യമാക്കുന്നതിന് സഹായകമായി പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ പ്രായോഗികമാക്കു ന്നതിൽ നിലവിലുള്ള തടസ്സം എന്തെല്ലാമെന്ന് അറിയിക്കാമോ; | ഒരു വകുപ്പിന്റെ പരിധിയിൽ വരുന്ന പ്രവൃത്തികൾ മറ്റു വകുപ്പുകൾ വഴി നടത്തണമെന്ന ആവശ്യം ചില ഏജൻസികളുടെ അക്രഡിറ്റേഷൻ പിൻവലിച്ചതും പുന:സ്ഥാപിച്ചതുമായി ബന്ധപ്പെട്ട വിഷയങ്ങൾ, പൊതു മരാമത്തു വകുപ്പ് വഴി നടത്തപ്പെടുന്ന പ്രവൃത്തികളുടെ ബില്ലുകൾക്കുള്ള സീനിയോറിറ്റി, ഏജൻസികൾക്ക് ഫണ്ട് ഡെപ്പോസിറ്റ് ചെയ്തു നൽകുന്നതിലെ കാലതാമസം ഇവയൊക്കെയാണ് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനു തടസ്സമാകു-ന്നത്.<br>മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ലഭ്യമാകുന്ന പ്രവർത്തി നിർദ്ദേശങ്ങളിൽ കാലവിളംബം കൂടാതെ തന്നെ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

**അക്കൗണ്ട്സ് ഓഫീസർ**